പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 3379 21/12/2012-ലെ മറുപടിക്ക്

## രാഷ്ട്രീയ കൃഷി വികാസ് യോജന

**ചോദ്യം**
**ശ്രീ.എം.വി. ശ്രേയാംസ് കുമാർ**

**ഉത്തരം:**
**ശ്രീ. കെ.പി. മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയുംവകുപ്പ് മന്ത്രി)**

എ) രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(എ) കാർഷിക അനുബന്ധ മേഖലകളിൽ 4 % വളർച്ചാ നിരക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് രാഷ്ട്രീയ കൃഷി വികാസ് യോജന. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. കാർഷിക അനുബന്ധ മേഖലകളിലെ പൊതുമൂലധനനിക്ഷേപം വർദ്ധിപ്പിക്കുക
2. സംസ്ഥാന കാർഷിക പദ്ധതികളിൽ പ്രാദേശിക ആവശ്യകത/വിള/മുൻഗണനകൾ എന്നിവ ഫലപ്രദമായി പ്രതിഫലിക്കുന്നത് ഉറപ്പുവരുത്തുക.
3. പ്രധാന വിളകളുടെ ഉല്പാദനക്കുറവ് പരിഹരിക്കുന്നതിന് വേണ്ടിയുള്ള ലക്ഷ്യം കൈവരിക്കൽ
4. കൃഷിയും അനുബന്ധ മേഖലകളിലെയും കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്തുക
5. കൃഷിയും അനുബന്ധ മേഖലകളിലും ഉൽപാദനത്തിലും ഉല്പാദനക്ഷമതയിലും വർദ്ധനവ് ഉറപ്പുവരുത്തുക
6. ജില്ലാ കാർഷിക പദ്ധതിയും സംസ്ഥാന കാർഷിക പദ്ധതിയും പ്രകൃതിവിഭവങ്ങളുടെ ലഭ്യത, സാങ്കേതിക വിദ്യയുടെ ലഭ്യത എന്നിവയ്ക്ക് അനുസൃതമായി തയ്യാറാക്കുക.

| | |
|---|---|
| ബി) കഴിഞ്ഞ നാല് വർഷങ്ങളായി പ്രസ്തുത പദ്ധതിയ്ക്കായി ലഭിച്ച തുക എത്രയെന്നും ഇതിൽ എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ; | (ബി) കഴിഞ്ഞ 4 വർഷങ്ങളിലായി ലഭിച്ച തുക- 473.46 കോടി രൂപ<br>കഴിഞ്ഞ 4 വർഷങ്ങളിലായി ചെലവഴിച്ച തുക- 466.26 കോടി |
| സി) ആർ.കെ.വി.വൈ പദ്ധതിയിൽ നിന്ന് കൂടുതൽ സഹായം ലഭ്യമാക്കുന്നതിനായി സംസ്ഥാന- ജില്ലാ കാർഷിക പദ്ധതികൾ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) കൃഷി അനുബന്ധ മേഖലകളിലുള്ള വകുപ്പു തല ഉദ്യോഗസ്ഥർ ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ